വേണമെന്ന് ഇതിലെങ്ങും പറഞ്ഞിട്ടില്ല. എല്ലാ അവസരത്തിലും വെഹി ക്കിൾസ് ലേലംചെയ്തുകണ്ടുകെട്ടാൻ പോകുന്നു എന്നൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. പണം ഈടാക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകുമെന്നു വിചാരിച്ചുമാത്രമാണ് പ്രസ്സ് ചെയ്യുന്നത്.

ശ്രീ. കെ. പങ്കജാക്ഷൻ: ഈ സാഹചര്യങ്ങളം അംഗീകരിക്കുന്നു. ക്ലാസ് 4-ലെ പ്രൊവൈസോയിൽ "double the toll" എന്നു പറഞ്ഞിട്ടുണ്ട്. അത് എടുത്തുകളയരുതെന്നും ആഗ്രഹമുണ്ട്.

The amendment moved by Shri M. Thomas was put and lost.

The question that clause 8 stands part of the Bill was put and carried.

Clause 8 was added to the Bill.

Clauses 9 & 10

The question that clauses 9 and 10 stand part of the Bill was put and carried.

Clauses 9 and 10 were added to the Bill.

Clause 11

The question that clause 11 stands part of the Bill was put and carried.

Clause 11 was added to the Bill.

Clauses 12 and 13

The question that clauses 12 and 13 stand part of the Bill was put and carried.

Clauses 12 and 13 were added to the Bill.

Clause 1, Preamble & Title

The question that Clause 1, Preamble & Title stand part of the Bill was put and carried.

Clause 1, preamble & Title were added to the Bill.

Minister for Works (Shri K. Pankajakshan): Sir, I move that the Kerala Tolls Bill, 1976 may be finally passed.

Minister for Local Administration (Shri K. Avukaderkutty Naha): I second it.

The question that the Kerala Tolls Bill 1976 be finally passed was put and carried.

The Bill was finally passed.

(ii) The Trivandrum Municipal Corporation (Dissolution) Amendment Bill, 1976

Minister for Local Administration (Shri K. Avukaderkutty Naha): Sir, I introduce the Trivandrum Municipal Corporation (Dissolution) Amendment Bill, 1976 I also lay on the Table a copy of the statement explaining the circumstances which had necessitated immediate legislation by promulgation of an ordinance

LIBRARY ARCHIVES Kerala Legislative Assembly

Mr. Deputy Speaker: The Bill stands introduced.

Shri K. Avukaderkutty Naha: I move that the Bill may be taken into consideration.

Minister for Works (Shri K. Pankajakshan) : I second it.

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ട്രിവാൻഡ്രം കോർപ്പറേഷൻ ഡിസൊല്യൂഷൻ ആക ട് പ്രകാരം 1976 നവംബർ 1-ാം തീയതി അതിന്റെ കാലാവധി അവസാനിക്കുകയായിരുന്നു. അതിനു മുൻപ് തിരഞ്ഞെടു പ് നടക്കാത്തതുകൊണ്ട് അതിന്റെ കാല വധി 77 നവംബർ 1-ാം തീയതിവ രെ നീട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. നിയമസഭാസമ്മേളനം ഇല്ലാതിരുന്ന സമയമായതുകൊണ്ട് ഇത് ഒരു ഓർഡിനൻസായി പുറപ്പെടുവി ക്കുകയാണുണ്ടായത്. ആ ഓർഡിനൻസിനു പകരമുള്ള ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതുപോലെയുള്ള മറ്റു പല ബില്ലുകളും ഇതിന്റെ പിന്നാലെഅവതരിപ്പിക്കുന്നുണ്ടെന്നുള്ളകാര്യംബഹുമാനപ്പെട്ട മെംബർ മാർക്കെല്ലാം അറിയാമല്ലോയിരിക്കും. മറ്റൊരു ബ ിൽ അവതരിപ്പിച്ചുകൊണ്ട് മിനി ഞ്ഞാന്നു ഞാൻ സംസാരിച്ച അവസരത്തിൽ അക്കാര്യം സൂചിപ്പിച്ചിട്ടുണ്ടായി രുന്നു ഇന്നിനി നമുക്ക് ആകെ ഒരു മണിക്കൂർ സമയമേ ഉള്ളൂ. അതുകഴി ഞ്ഞാൽ അപ്രോപ്രിയേഷൻ ബിൽ എടുക്കാനുണ്ട്. അതുകൊണ്ട് ഈ ഒരു മണിക്കൂറിനുള്ളിൽ ഈ ഓർഡിനൻസുകളെല്ലാം പാസാക്കേണ്ടതുണ്ട്. അതു കൊണ്ട് ഈ നാലു ബില്ലിന്റെയും ചർച്ച ഒന്നായിത്തന്നെ നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മെംബർമാരോടപേക്ഷിക്കുകയാണ്. നാലു ബില്ലിന്റെയും സ്വഭാവം ഒന്നുതന്നെയാണ്. അതുകൊണ്ട് എല്ലാംകൂടി പൊതുവായിട്ടു പറ ഞ്ഞാൽ മതിയാകും. കാലിക്കട്ട് കോർപ്പറേഷന്റെയും തിരൂർ, പുനലൂർ ഒഴികെയുള്ള മറ്റെല്ലാ മുനിസിപ്പാലിറ്റികളുടെയും തിരുവനന്തപുരം കോർപ്പറേഷന്റെയും കാലാവധി 1977 നവംബർ 1-ാം തീയതിവരെ നീട്ടുക എന്ന താണ് ആവശ്യപ്പെട്ടിട്ടുള്ളത്. മൂന്നെണ്ണം ഓർഡിനൻസും ഒരെണ്ണം ബില്ലുമാണ്. ഇതിനെ സംബന്ധിച്ചെല്ലാം വളരെ വിശദമായ പ്രസംഗങ്ങൾ ഈ സഭയിൽ നട ന്നിട്ടുണ്ട്. ഇനിയും വിശദമായി സംസാരിക്കാൻ സ്കോപ്പുള്ള ബില്ലുകളാണ് എന്നുള്ളത് സമ്മതിച്ചുകൊണ്ടുതന്നെ ഈ സമയപരിധിക്കുള്ളിൽഇതു പാസാക്കി ത്തരണമെന്ന് ബഹുമാനപ്പെട്ട മെംബർമാരോടഭ്യർത്ഥിക്കുകയാണ്. എല്ലാ ബില്ലിനെസംബന്ധിച്ചും പറയാനുള്ളത് ഒന്നുതന്നെയായിരിക്കുമെന്ന് ബഹു മാനപ്പെട്ട മെംബർമാർക്കും എനിക്കും അറിയാം. അതുകൊണ്ട് കഴിയുന്നതും ചർവ്വിതചർവ്വണം ഒഴിവാക്കി എല്ലാ ബില്ലുകളും പാസാക്കിത്തരണമെന്നഭ്യർ ത്ഥിക്കുന്നു.

Shri P. P. Krishnan : Sir, I move that the Trivandrum Municipal Corporation (Dissolution) Amendment Bill, 1976 be circulated for eliciting public opinion till 31-12-1976.

സർ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ തിരഞ്ഞെടുപ്പ് 1976 നവംബർ 1-ാം തീയതിവരെ നീട്ടിക്കൊണ്ടുള്ള ബില്ലാണ് മുൻപ് ഇവിടെ പാസാക്കിയിട്ടുള്ളത്. ഇപ്പോഴ് അതിന് ഒരു ചെറിയ ഭേദഗതിമാത്രമേ ബഹു മാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചിട്ടുള്ളൂ. അതായത് 6 എന്നുള്ള അക്കം മാറ്റി 7 ആക്കി. വളരെച്ചെറിയ ഒരു ഭേദഗതിയായതുകൊണ്ട് അതേപ്പറ്റി കൂടുതൽ സംസാരിക്കേണ്ടകാര്യമില്ല. പക്ഷേ സംസാരിക്കേണ്ട ഒരു കാര്യമുണ്ട്. കേരള സംസ്ഥാനത്തിന്റെ തലസ്ഥാനത്തുള്ള ഒരു ജനാധിപത്യസ്ഥാപനത്തെ യാതൊരു കാരണവുംകൂടാതെ പിരിച്ചുവിടുകയും 1976 നവംബർ 1-ാം തീയതി ക്കുമുൻപ് തിരഞ്ഞെടുപ്പു നടത്തുമെന്നു പ്രഖ്യാപിക്കുകയും ചെയ്തതിനു ശേഷം ഇപ്പോഴ് പറയുന്നു ഒരു കൊല്ലംകൂടി സമയം നീട്ടിക്കൊടുക്കണം എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ എത്രസമയം നീട്ടിക്കിട്ടിയാലാണ് തിരഞ്ഞെടുപ്പു നടക്കുക? ഇനി തിരഞ്ഞെടുപ്പു നടത്തുമോ? നിയമസഭയുടെ കാര്യമായാലും ഇതുതന്നെയാണ്; ഇനി തിരഞ്ഞെടുപ്പ് നടത്തുമോ? ഇന്നലെ ഞങ്ങളുടെ പാർട്ടിനേതാവ് സംസാരിച്ചപ്പോഴും ഇക്കാര്യം പറയുകയുണ്ടായി. ഈ നിയമസഭയിലേതന്നെ അഞ്ചാറു മെംബർമാർ മരിച്ചു. ഈ നിയമസഭയിലെ എല്ലാ ആളുകളും മരിച്ചുകഴിഞ്ഞു അവസാനം കോടാനുകോടി തികയാതെവരുമ്പോൾ തിരഞ്ഞെടുപ്പു വേണമോ എന്ന കാര്യം ചിന്തിക്കുമായിരിക്കും. അങ്ങനെ, തിരഞ്ഞെടുപ്പിന്റെ കാര്യത്തിൽ തികഞ്ഞ അനാസ്ഥയാണുള്ളത്. ഈ അനാസ്ഥയുടെ കാര്യം പറയുമ്പോൾ ഒരു കാര്യം ഓർമ്മവരികയാണ്. മലബാർ കോവാപ്പറേറ്റീവ് സെൻട്രൽബാങ്കിന്റെ തിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചു. എന്നിട്ട് ആ തിരഞ്ഞെടുപ്പു ദിവസം തിരഞ്ഞെടുപ്പ് നീട്ടിവച്ചുകൊണ്ട് ഡി. എസ്. പി. കൽപന പുറപ്പെടുവിച്ചു. അതുമാത്രവുമല്ല, നിരുപാധികമായി തിരഞ്ഞെടുക്കപ്പെട്ട മെംബർമാരെ മിസ അനുസരിച്ച് അറസ്റ്റുചെയ്തു ജയിലിൽ വയ്ക്കുകയും ചെയ്തു. അപ്പോഴും അവർ ഹൈക്കോടതിയിൽ പോകുകയും ഹൈക്കോടതി തിരഞ്ഞെടുപ്പു വീണ്ടും നടത്താൻ ആവശ്യപ്പെടുകയും ചെയ്തു. ആ തിരഞ്ഞെടുപ്പും മറ്റു ചില കാരണങ്ങളാൽ, ചില ആൾക്കാരുടെ ഇടപെടൽ കാരണം നീട്ടിവച്ചു. വീണ്ടും ഹൈക്കോടതിയിൽ പോയതിനെതുടർന്നാണ് അവിടെ തിരഞ്ഞെടുപ്പു നടത്തിയത്. തിരഞ്ഞെടുപ്പു നടത്തിയതിനുശേഷമുള്ള സ്ഥിതി എന്താണെന്നറിയാമോ? പ്രതിപക്ഷകക്ഷികൾക്ക് 150-ം 148-ം വോട്ടു കിട്ടിയ സ്ഥാനത്ത് ഭരണകക്ഷിക്ക് വിരലിലെണ്ണാവുന്നത്ര വോട്ടുകളാണ് എല്ലാ സ്ഥാനാർത്ഥികൾക്കുംകൂടി കിട്ടിയത്. ആ പശ്ചാത്തലത്തിലല്ലേ കേരളത്തിലെ തിരഞ്ഞെടുപ്പുകളെല്ലാം നീട്ടിവയ്ക്കാൻവേണ്ടി ഇങ്ങനെയുള്ള ബില്ലുകൾ കൊണ്ടുവരുന്നത് എന്നു ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. തിരുവനന്തപുരത്തുള്ള ആൾക്കാരുടെ അഭിപ്രായമറിയുന്നതിന് വേണ്ടിയെങ്കിലും ഗവൺമെൻറ് ഈ ബിൽ സർക്കുലേറ്റുചെയ്യണമെന്ന എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോൺമാഞ്ഞൂരാൻ : ഇതു പൊതുജനാഭിപ്രായത്തിനു വിടണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനാണ് ഞാൻ ഇത് പറയുന്നത്. ഇങ്ങനെ വരുന്ന ബില്ലുകൾക്ക് പേരിടാൻ പ്രത്യേക വൈദഗ്ദ്ധ്യം ലാഡിപ്പാർട്ടുമെൻറുകാർ കാണിച്ചിട്ടുണ്ട്. ഇതെല്ലാം നീട്ടൽ ബില്ലുകളാണ്. 1976-ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതി ബിൽ, 1976-ലെ കോഴിക്കോട് മുനിസിപ്പൽകോർപ്പറേഷൻ (പുനഃസംഘടിപ്പിക്കാനുള്ളസമയംനീട്ടിക്കൊടുക്കൽ) ബിൽ,1976-ലെചാലക്കുടിയും മലപ്പുറവും മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ കാലാവധി നീട്ടിക്കൊടുക്കൽ) ബിൽ, 1976-ലെ കേരള മുനിസിപ്പൽ കൗൺസിലുകൾ (കൗൺസിലർമാരുടെ കാലാവധി നീട്ടിക്കൊടുക്കൽ) ബിൽ. അങ്ങനെ പേരിടുന്നതിന് വൈവിദ്ധ്യം കാണിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ ഇതിന്റെയൊക്കെ അർത്ഥമെന്താണ്? ഞാൻ വേഗം നിറുത്തുകയാണ്. നമ്മുടെ സിറ്റികളും ടൗണുകളും കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റികളുടെയും കീഴിൽകൊണ്ടുവന്ന് ജനകീയ പങ്കാളിത്തം ഉണ്ടാക്കണമെന്ന് തീരുമാനിച്ചതിന്റെ ഘാതകനായിത്തീരാൻ, അതിന്റെ യമനായിത്തീരാൻ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി നഹ തീരുമാനിച്ചിട്ടുണ്ട് എന്നാണ് ഇതിന്റെ ഒക്കെ അർത്ഥം. ജനാധിപത്യ അവകാശങ്ങൾ പറയാൻ ജനങ്ങളെ അനുവദിക്കാതെയിരിക്കാൻ ഇവിടെ തിരുവനന്തപുരം നഗരത്തിൽ മാത്രമല്ല, എവിടെയെവിടെയെല്ലാം പട്ടണങ്ങൾ ഉണ്ടോ ആ പട്ടണങ്ങളിലൊന്നും തന്നെ ജനങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാതിരിക്കാൻ ഞങ്ങൾ ഇതു വോട്ടു ചെയ്തുതരണമെന്നാണോ പറയുന്നത്? ഇതിന്റെ മൗലികമായ പ്രശ്നം എന്താണ്, കോർപ്പറേഷൻ ആക്ടിൽ ഉണ്ടാക്കി, മുനിസിപ്പാലിറ്റീസ് ആക്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കി, പഞ്ചായത്ത് ആക്റ്റ് ഉണ്ടാക്കി. ഇതെല്ലാം അധികാരം വികേന്ദ്രീകരിക്കാനാണ്. ഈ വികേന്ദ്രീകരണത്തെപ്പറ്റി ഇരുപതിനപരിപാടിക്കാരോട് ചോദിക്കാൻ ഈ രാജ്യത്ത് ഇവിടെ ജനങ്ങളുടെ ശബ്ദം കേൾക്കാൻ ഇവിടെ ഇപ്പോൾ സമയമില്ല. ഇത്ര സമയമില്ലാത്തതിന്റെ ഇടയിൽ കൊണ്ടുവന്നു വച്ചതിന്റെ കാര്യം, പത്രത്തിൽ കാണുകയില്ല, വല്ലവരും ഗ്യാലറിയിൽ ഇരുന്നു കേൾക്കുന്നുവെങ്കിൽ അവർപോലും കേൾക്കാതെയിരിക്കണം എന്നുള്ളതാണ്. ഇതിനെക്കാളും വലിയ കാപാലികൻമാർ ഇവിടെ ജനിച്ചിട്ടുണ്ടോ ? നിങ്ങൾ പറയുന്നു നിങ്ങൾക്ക് ഭയം ഇല്ലാ ഭയം ഇല്ലായെന്ന്. അത് കാച്ചിയവെള്ളത്തിൽ വീണ പൂച്ചയ്ക്ക് പച്ചവെള്ളത്തിൽ വീണാലും ഭയം ഉണ്ടാകുന്ന അവസ്ഥയാണ്. ഇവിടെ ചില തിരഞ്ഞെടുപ്പുകൾ നടത്തിനോക്കി. യൂണിവേഴ്സിറ്റി തിരഞ്ഞെടുപ്പു നടത്തി, കോവാപ്പറേറ്റീവ് തിരഞ്ഞെടുപ്പുകൾ നടത്തിനോക്കി, അവിടെയൊക്കെ നടത്തിയതിന്റെ ഫലം മനസ്സിലായി. നേര് എന്താണ് ? ഉള്ള സത്യം പറയരുതോ, നുണ എന്തിന് പറയുന്നു? ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് എന്തിനാണ്? എന്തുകൊണ്ട് തിരഞ്ഞെടുപ്പുകൾ നടത്തുകയില്ലാ, അതറിയാനുള്ള അവകാശം ഞങ്ങൾക്കില്ലേ? എന്താണ് ബുദ്ധിമുട്ട് ? റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു പറഞ്ഞ് റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യുത്തക്കവിധത്തിൽ 1976 നവംബറിനു മുമ്പ് ഇവിടെ തിരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള സാഹചര്യം എന്തായിരുന്നുവെന്നുകൂടി പറയുന്നത്, ഇവിടെ ഏതാനും ആളുകളുടെ മൃഗീയ ഭൂരിപക്ഷം ഉണ്ടെന്നുള്ളതിന്റെ പേരിൽ കൊണ്ടുവരികയാണ്. ഇത് നിയമസഭയോടുള്ള അവഹേളനമാണ്. അങ്ങയുടെ പരിപാവനമായ സ്ഥാനത്തോടുള്ള അവഹേളനമാണ്. ഈ രാജ്യത്ത് അച്യുതമേനോൻ ഗവൺമെന്റ് ദോശചുടുന്നതുപോലെഓർഡിനൻസ് ചുട്ടു വയ്ക്കുകയാണ്; അതിനെപ്പറ്റി സംസാരിക്കാൻ ജനപ്രതിനിധികൾക്ക് അവകാശം തരാതെ. ഈ ഗവൺമെന്റിന് ഒരു നിമിഷം ഇവിടെ ഭരിക്കാൻ അവകാശം ഇല്ല. അവകാശമൊക്കെയുണ്ട്, എന്താണ് ഇതിന്റെ അവകാശം ? സർ, അപ്പുറത്തിരിക്കുന്ന കാപാലികൻമാരെ തിരഞ്ഞെടുത്തതുപോലെതന്നെയാണ്, അധികാരം ദുർവിനിയോഗം ചെയ്യുന്നതിന് തിരഞ്ഞെടുത്തയച്ചിരിക്കുന്നതുപോലെതന്നെയാണ് ജനങ്ങൾ ഞങ്ങളെയും തിരഞ്ഞെടുത്തയച്ചിട്ടുള്ളത്. ജനങ്ങളുടെ അഭിപ്രായം പറയാതെ മന്ത്രി പറയുന്ന കാര്യങ്ങളൊക്കെ പാസ്സാക്കിത്തരണം എന്നാണ്. ഈ നാലു ബില്ലുകളെപ്പറ്റിയും വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയുവാനുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ എന്തിന് പിരിച്ചുവിട്ടു? അതിൽ ഒതുങ്ങിയിരിക്കുന്ന ദുരന്തകഥകൾ പറയാൻ അവസരം തരാതെ സഭയ് . ഇല്ലായില്ലായെന്നു പറഞ്ഞു, കാരണം ജനങ്ങൾ അറിയുന്നതിൽ നിന്ന് മറച്ചു വയ്ക്കുന്ന തട്ടിപ്പ് ഇനിയെങ്കിലും മതിയാക്കി വയ്ക്കുക. നിങ്ങൾ 20 ഇന പരിപാടിയെപ്പറ്റി പറയുന്നു, ജനക്ഷേമ പരിപാടികളെക്കുറിച്ചു പറയുന്നു. അത് പുരോഗതി, ഇത് പുരോഗതി, 1967-ലെ ഭരണത്തിൽ മാറ്റമുണ്ടായി. ഇത് പറയാനല്ലാതെ ഈ ഗവൺമെന്റിന് ഈ രാജ്യത്ത് രാജകീയ ഭരണം പോയതിനുശേഷം ജനാധിപത്യ ഭരണം വന്നിട്ടും ജനഹിതം മാനിക്കേണ്ടതായിട്ടില്ല. ഇതു മനസ്സിലാക്കികൊണ്ട് എല്ലാ ബില്ലുംകൂടി കൊണ്ടുവന്നു. അതുകൊണ്ട് വാസ്തവത്തിൽ അങ്ങ് ആ സ്ഥാനത്തിന്റെ മഹിമയും അന്തസ്സും സ്വാതന്ത്ര്യവും മനസ്സിലാക്കിക്കൊണ്ട് നമ്മളുടെ അവകാശങ്ങളിൽ കൈവയ്ക്കരുത് ഞങ്ങളെ സംരക്ഷിക്കണം എന്ന അഭ്യർത്ഥനയോടുകൂടി ഈ രാജ്യത്തെ പൊതുജനങ്ങളുടെ അഭിപ്രായം അറിയാൻ ഇത് പൊതുജനാഭിപ്രായത്തിനുവിടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

[ശ്രീ. എം. സത്യനേശൻ : സർ, ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ചർച്ച മുൻപു നടന്നതാണ്, ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്ന്. ഒരേ കാര്യംതന്നെയാണ് പറയാനുള്ളത് എന്നും

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അധികം സംസാരിക്കാതെ പാസാക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതുതന്നെയാണ് തർക്കവിഷയം. എന്റെ കക്ഷിക്ക് ഇവിടെയേ പറയാൻ പറ്റൂ. ജനാധിപത്യവിരുദ്ധമായി തിരുവനന്തപുരം കോർപ്പറേഷൻ പിരിച്ചുവിട്ടു. ആ കാരണംകൊണ്ടുതന്നെ ഇതിനെ എതിർക്കുന്നു. ഗവൺമെന്റ് ചെയ്ത നടപടി ശരിയാണോ തെറ്റാണോ എന്ന് ആരും പറയരുത് ; പറയാതെ അവസാനമണിക്കൂറിൽ പാസാക്കണം എന്നതാണ് മന്ത്രിയുടെ നിലപാട്. സർ, ഞങ്ങൾക്ക് ഇതിനെപ്പറ്റി ഇവിടെയെങ്കിലും പറയാൻ സൗകര്യമുണ്ടാക്കണം ; പുറത്ത് പറഞ്ഞാൽ 'മീസ' യും ഡി. ഐ. ആറും പ്രയോഗിക്കും. അതുകൊണ്ട് ഞാൻ വീണ്ടും പറയുകയാണ്. ഭൂരിപക്ഷമുണ്ടായിരുന്ന തിരുവനന്തപുരം കോർപ്പറേഷനെ ജനാധിപത്യ വിരുദ്ധമായിപിരിച്ചുവിട്ടു. എന്തിനുവേണ്ടി ? ഇരുപതിനപരിപാടിയും അച്ചടക്കവും അടിയന്തിരാവസ്ഥയും ഉള്ളപ്പോൾ തിരുവനന്തപുരത്തുമാത്രം തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാണോ ? അടിയന്തിരാവസ്ഥയിൽ അച്ചടക്കത്തെ ഒന്നും ബാധിക്കുകയില്ലല്ലോ. തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറല്ല. കഴിഞ്ഞ ഒരു വർഷക്കാലമായി തിരുവനന്തപുരം കോർപ്പറേഷന്റെ ഭരണം എങ്ങനെയാണ് നടക്കുന്നതെന്ന് ഒന്നു പരിശോധിക്കണം. ഇവിടെയെല്ലാം പറയാൻ ഞങ്ങൾക്ക് സൗകര്യമില്ല. കോർപ്പറേഷനിൽ ഒരു കമ്മിഷണർ ഉണ്ട്, ഗംഗാധരൻ. ആ കമ്മിഷണർ നടത്തിക്കൊണ്ടിരിക്കുന്നത് സർവ്വാധിപതിയുടേതുപോലുള്ള ചില നടപടികളാണ്. കലാസമിതികൾക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ കലാപരിപാടികൾ നടത്താൻ നിർവ്വാഹമില്ല. കമ്മിഷണറുടെ അനുവാദം വേണം. ഗംഗാധരനെ സംബന്ധിച്ചിടത്തോളം.....

മി. ഡെപ്യൂട്ടി സ്പീക്കർ : ആരോപണം ഉന്നയിക്കുകയാണെങ്കിൽ എഴുതിത്തന്നിട്ടു പറയാമായിരുന്നു.

ശ്രീ. എം. സത്യനേശൻ : സർ, ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്; ഇവിടെയല്ലാതെ പറയാൻ നിവൃത്തിയില്ല. സർ, കോർപ്പറേഷൻ തുടങ്ങിവച്ച നിരവധി പണികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഒരൊറ്റ റോഡുപണിയും നടത്താൻ സമ്മതിക്കുന്നില്ല. പണിയില്ലാത്തതുകൊണ്ടല്ല. ഇദ്ദേഹത്തിന് ഇഷ്ടമില്ല. അതുപോലെ പൈപ്പ് ലൈനിന്റെ കാര്യം. പലരുടെയും വെള്ളംകുടി മുട്ടിക്കുകയാണ്. എട്ടും പത്തും ടാപ്പുകൾ അടച്ചിട്ടുണ്ട്. കോർപ്പറേഷൻ കമ്മിഷണറെ കണ്ട് അനുവാദം വാങ്ങിയില്ലെങ്കിൽ വെള്ളംകുടി മുട്ടിക്കും. ഇദ്ദേഹം കുളിച്ചെഴുന്നേൽക്കുന്നതിന് എഴുതി പണം എടുത്തതായി ഒരു ചാർജ്ജ് ഉണ്ട്. വിജിലൻസ് എൻക്വയറി നടക്കുകയാണ്, ഫയൽ ഗവൺമെന്റിന്റെ കൈവശമുണ്ട്. ആറെട്ടുമാസമായി അതിൽ നടപടി നടത്തിയിട്ടില്ല. തിരുവനന്തപുരം കോർപ്പറേഷൻ കമ്മീഷണർ നടത്തുന്ന നിരുത്തരവാദപരമായ ജനദ്രോഹ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. ജനകീയഭരണംകൊണ്ടേ ഇതിനു പരിഹാരം ഉണ്ടാകുകയുള്ളൂ. അതുകൊണ്ട് അടിയന്തിരമായി തിരഞ്ഞെടുപ്പു വയ്ക്കണം. അടിയന്തിരാവസ്ഥയുടെയും ഇരുപതിന പരിപാടിയുടെയും സാഹചര്യത്തിൽ തിരഞ്ഞെടുപ്പു നടത്താനുള്ള സൗകര്യങ്ങളുള്ളത് പരിശോധിച്ചു നോക്കി ഉടനെ തിരഞ്ഞെടുപ്പ് വയ്ക്കണം.

ശ്രീ. ടി. കെ. ചന്ദ്രൻ : സർ, 1976-ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (ഡിസലൂഷൻ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജനാധിപത്യസമ്പ്രദായം പൂർണ്ണമായി ഇല്ലായ്മചെയ്യുന്ന സ്ഥിതിക്ക് ഒരു മാറ്റംവരുത്തണം. അതുകൊണ്ട് ഇനിയും കാലാ

LIBRARY ARCHIVES Kerala Legislative Assembly

വധി നീട്ടുന്ന സമ്പ്രദായം അവസാനിപ്പിച്ച് തിരഞ്ഞെടുപ്പിനെ നേരിടണമെന്നാണ് എന്റെ അഭിപ്രായം.

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ.കെ. അപ്പുക്കാദർകുട്ടി നഹ): സർ, പൊതുജനാഭിപ്രായത്തിന് വിടേണ്ട ആവശ്യമില്ല. ഇവിടെ ആദ്യമേ പറഞ്ഞതുപോലെ ഈ എല്ലാ ബില്ലുകളെ സംബന്ധിച്ചും പൊതുവായി ഒരേ കാര്യമായിരിക്കും പറയാനുള്ളത്. തിരുവനന്തപുരം കോർപ്പറേഷൻ പിരിച്ചുവിട്ടത് ജനാധിപത്യ വിരുദ്ധമാണ് എന്നും കോഴിക്കോട്ടു കോർപ്പറേഷൻ പിരിച്ചുവിട്ടത് ജനാധിപത്യമാണെന്നും മുനിസിപ്പാലിറ്റികളുടെ കാലാവധിനീട്ടുന്നത് ജനാധിപത്യ വിരുദ്ധമാണെന്നും ആണ് പറയാനുള്ളത്. ആ നിലയിലാണ് എല്ലാ ബില്ലിനെപ്പറ്റിയും പറയാനുള്ളത് ഒരുപോലെയാണെന്നു പറഞ്ഞത്. ശ്രീ. കൃഷ്ണനും ശ്രീ സത്യനേശനും എല്ലാം പറഞ്ഞു, ജനാധിപത്യ വിരുദ്ധമായിട്ടാണ്, യാതൊരു കാരണവുമില്ലാതെയാണ് എന്ന്. പിരിച്ചുവിട്ടതിന്റെ ശരിയായ കാരണങ്ങളും ആ സന്ദർഭത്തിലും പിന്നീടും ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മിഷണറെസംബന്ധിച്ച്. പറഞ്ഞ ആക്ഷേപം, ടാപ്പ് അടച്ചുകളഞ്ഞു, റോഡു നന്നാക്കുന്നില്ല മുതലായവയാണ്. ഈ ആക്ഷേപങ്ങളും ഇവിടെ പറയാതെ നേരത്തെ ശ്രദ്ധയിൽ പെടുത്തിയിരുന്നെങ്കിൽ അന്വേഷിച്ചുനടപടിയെടുക്കുമായിരുന്നു. എത്രയോ മുൻപ് എഴുതി അയയ്ക്കാമായിരുന്നു. ചെക്ക് ഒപ്പിട്ട കാര്യം പറഞ്ഞു. അങ്ങനെയുള്ള കാര്യത്തിൽ കമ്മിഷണർ ആയാലും ഉദ്യോഗസ്ഥൻമാരായാലും ഗവൺമെന്റ് കർശനമായ നടപടി എടുക്കും. തിരഞ്ഞെടുപ്പു നടത്താതിരിക്കാനുണ്ടായ സാഹചര്യമെന്താണ് എന്ന് ചോദിക്കുകയുണ്ടായി. ശ്രീ. മാഞ്ഞൂരാൻ സാധാരണ പറയുന്നതാണ്. ഞാൻ പറയേണ്ട കാര്യമില്ല. കാശ്മീരിൽ തിരഞ്ഞെടുപ്പു നടക്കാൻ പോകുന്നു എന്നാണ് ആദ്യം പറഞ്ഞത്. പക്ഷേ ആ തിരഞ്ഞെടുപ്പും പിന്നീട് മാറ്റിവച്ചു ഇൻഡ്യയിൽ ഒരിടത്തും തിരഞ്ഞെടുപ്പ് നടക്കുന്നില്ല. കേരളത്തെക്കുറിച്ചും ഞാൻ പറയാതെ അറിയാം, രാജ്യത്തെ പ്രത്യേക സാഹചര്യത്തെ സംബന്ധിച്ച് ഞാൻ പറയേണ്ട കാര്യമില്ല. 77 നവംബർ 1-ാം തീയതിവരെ നീട്ടാനുള്ള ബില്ലാണിത്. അതിനുമുൻപ് തിരഞ്ഞെടുപ്പു നടത്താൻ സാഹചര്യമില്ല. അതുകൊണ്ടാണ് നീട്ടിയിരിക്കുന്നത്. മിനിഞ്ഞാന്ന് പ്രസംഗിച്ചപ്പോഴും ശ്രീ. മൊയ്തീൻ കുട്ടിഹാജി പറഞ്ഞു മന്ത്രിയുടെ അഭിപ്രായപ്രകാരമല്ല തിരഞ്ഞെടുപ്പ് നീട്ടുന്നത് എന്ന്. കോൺഗ്രസ്സിനെ 67-ലെ സ്ഥാനത്ത് നിർത്തുമെന്ന് ഞാൻ പ്രസംഗിച്ചതായും പറഞ്ഞു. അപ്പുറത്തേക്കു പോയതോടുകൂടി രാഷ്ട്രീയമായ സത്യസന്ധതയേയും അവർ വിട്ടുപിരിഞ്ഞിരിക്കുന്നു എന്നുമാത്രമേ പറയാനുള്ളൂ. ഞാൻ അങ്ങനെ ഒരു പ്രസംഗവും ചെയ്തിട്ടില്ല. കോൺഗ്രസിനെ സംബന്ധിച്ചെന്നല്ല ഒരു കക്ഷിയെ സംബന്ധിച്ചും പ്രസംഗം ചെയ്തിട്ടില്ല.

മുനിസിപ്പാലിറ്റികൾക്ക് ഒരു നിയമം ഉണ്ടാക്കാൻ സഭയ്ക്കു പുറമേ ഒരു കമ്മിറ്റിയെ നിയോഗിച്ചതായി ശ്രീമാൻ തോമസ് ഇവിടെ പറയുകയുണ്ടായി. മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബറിന്റെ ആവശ്യപ്രകാരം ഉദ്യോഗസ്ഥൻമാരും ചേംബർ ചെയർമാനും അടങ്ങിയ ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. മൗലികമായ പല മാറ്റങ്ങളും മുനിസിപ്പൽ കോർപ്പറേഷൻ നിയമത്തിൽ വരുത്തേണ്ടതുണ്ട്. കൂലങ്കഷമായി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ കമ്മിറ്റിയെ വച്ചിരിക്കുകയാണ്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ ഡ്രാഫ്റ്റ് ബിൽ സഭയിൽ വരും. എം. എൽ. എ. മാർക്ക് അഭിപ്രായം പറയാനും തീരുമാനമെടുക്കാനും സൗകര്യമുണ്ടായിരിക്കും. അതുസംബന്ധിച്ച് പ്രത്യേകമായി ആക്ഷേപമുണ്ടാകാൻ കാരണമുണ്ടെന്നു തോന്നുന്നില്ല.

പൊതുജനാഭിപ്രായത്തിനുവിടാതെ, ഇത് പാസാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Shri P. P. Krishnan was put and lost.

The amendment moved by Shri T. K. Chandan was put and lost.

The question that the Trivandrum Municipal Corporation (Dissolution) Amendment Bill, 1976, be taken into consideration, was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I move that the Bill may be finally passed.

Minister for Works (**Shri K. Pankajashan**): Sir, I second it.

The question that the Trivandrum Municipal Corporation (Dissolution) Amendment Bill, 1976 be finally passed, was put and carried.

The Bill was finally passed.

(III) The Calicut Municipal Corporation (Extension of time for Reconstitution,) Bill, 1976

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I, introduce the Calicut Municipal Corporation (Extension of time for Reconstitution) Bill, 1976. I also lay on the Table a copy of the statement explaining the circumstances which have necessitated immediate legislation by promulgation of an Ordinance.

Mr. Dy. Speaker : The Bill stands introduced.

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I move that the Bill may be taken into consideration.

Minister for Home (**Shri K. Karunakaran**) : Sir, I second it.

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ ഉള്ള ഒരു കാര്യമാണ് ഇത്. ഇതിനെ സംബന്ധിച്ച് കൂടുതൽ പ്രസംഗിക്കേണ്ട കാര്യമില്ല. കാലിക്കട്ട് കോർപ്പറേഷൻ പിരിച്ചു വിടാൻ ഉണ്ടായ സാഹചര്യവും അതിന്റെ കാലാവധി നീട്ടുന്നതിനെ സംബന്ധിച്ചും പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

Shri T. K. Krishnan : Sir, I move that the Bill be circulated for eliciting public opinion till 31st December, 1976.

സർ, ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി നിങ്ങൾ എന്തു തന്നെ പറഞ്ഞാലും ഞങ്ങൾ ഇതെല്ലാം പാസ്സാക്കുമെന്ന്.

12 NOON]

LIBRARY ARCHIVES Kerala Legislative Assembly